സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം-റിക്വയർമെന്റ് അനാലിസിസിന്റെ മൂന്നാം ഘട്ട റിവ്യൂ മീറ്റിംഗ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 24.09.2024

**പരാമർശം:** 1.09/09/2024 ലെ ആർ.ഒ.സി.16335/17/ഇഡിപി നമ്പർ ബോർഡ് ഉത്തരവ്

2. ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ 20/09/2024 ലെ 11/2024/പിഎംഐടി നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന് വേണ്ടിയുള്ള പഴയ ഡി.പി.ആർ വിശകലനം ചെയ്ത് പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള റിക്വയർമെന്റ് അനാലിസ് പ്രവർത്തനങ്ങൾ 80% വരെ പൂർത്തിയായതിനെ തുടർന്ന്, പ്രസ്തുത ഡോക്യുമെന്റുകൾ പൂർണ്ണതോതിൽ സജ്ജമാക്കുന്നത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിട്ടുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിലേക്കായി 10/09/2024 ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ചും, 11/09/2024 ൽ ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ചും ക്ലാസ് സംഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പരാമർശം-1).

പ്രസ്തുത ക്ലാസ് ചില സാങ്കേതിക കാരണങ്ങളാൽ ടി തീയതികളിൽ നടത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ മുൻ നിശ്ചയിച്ചിരുന്ന മാതൃകയിൽ 27/09/2024 ൽ തിരുവനന്തപുരത്തെ ദേവസ്വം ബോർഡ് ആസ്ഥാനത്തും 28/09/2024 ൽ ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിലും നടത്തുന്നതിന് അനുവാദം ഉണ്ടാകണമെന്ന് വിവരിച്ചുള്ള ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ റിപ്പോർട്ട് ലഭ്യമായി. (പരാമർശം-4).

മേൽ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. റിക്വയർമെന്റ് അനാലിസ് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിട്ടുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിലേക്കായി **27/09/2024** ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ചും, **28/09/2024** ൽ ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ചും *(രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ)* റിവ്യൂ ക്ലാസ് സംഘടിപ്പിക്കുന്നതിന് ഉത്തരവാകുന്നു.

ITDivision

2. റിവ്യൂ ക്ലാസിൽ പങ്കെടുക്കുന്നതിനുള്ള വിഷയ വിദഗ്ദ്ധരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്ക് തുടർനിർദ്ദേശങ്ങൾ നൽകുന്നതിന് ഓട്ടോമേഷൻ പ്രൊജക്ട് മാനേജരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
**സെക്രട്ടറി**

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. എല്ലാ ഡിപ്പാർട്ട്മെന്റ് ഓഫീസ് മേധാവികൾക്കും
4. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ
5. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിനായി)*
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി